DESPATCHED
On. 16/12/21

05/11/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.1324 (5)/19/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 10398/SIC-G7/2019**

സന്നിഹിത
ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

**അഡ്വ. ബിജു സുന്ദർ, ബട്ടർഫ്ളൈ,
റ്റി.സി.നം.6/2531(2), തോപ്പിൽ ലയ്ൻ, കൊച്ചുള്ളൂർ,
മെഡിക്കൽ കോളേജ് പി.ഒ, തിരുവനന്തപുരം – 695 011.** } **അപ്പീൽ ഹർജിക്കാരൻ**

Vs

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്,
മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ,
മെഡിക്കൽകോളേജ് പി.ഒ, തിരുവനന്തപുരം – 695 011.**

2. **അപ്പീൽ അധികാരി,
ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്,
മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ,
മെഡിക്കൽകോളേജ് പി.ഒ, തിരുവനന്തപുരം – 695 011.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 08.04.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 25.04.2019 |
| ഒന്നാം അപ്പീൽ | 04.05.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 10.05.2019 |
| രണ്ടാം അപ്പീൽ | 18.06.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 06.09.2021 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.ബിജു സുന്ദർ 08.04.2019 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് (എസ്.പി.ഐ.ഒ) ആവശ്യപ്പെട്ടിരുന്നത്, മെഡിക്കൽ കോളേജ് ആശുപത്രിയിൽ

2 06.2018 തീയതിയിൽ ചികിത്സ തേടിയ ശ്രീമതി.ശ്യാമ എന്ന വ്യക്തിയുടെ ചികിത്സ വിവരങ്ങൾ ലഭ്യമാക്കണമെന്നായിരുന്നു.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 25.04.2019 ൽ നൽകിയ മറുപടിയിൽ തൃപ്തനാകാതെ 03.05.2019 ൽ അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീൽ 10.05.2019 ൽ തീർപ്പാക്കി ഉത്തരവ് നൽകുകയും ചെയ്തു.

3. ഒന്നും രണ്ടും എതിർകക്ഷികളുടെ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടി അപ്പീൽ ഹർജി ഫയലിൽ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ഇരു കക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 06.09.2021 ന് ഹിയറിംഗ് പോസ്റ്റ് ചെയ്യുകയും, ടെലിഫോൺ മുഖാന്തിരം നടത്തിയ നേർവിചാരണയിൽ ഒന്നാം എതിർകക്ഷിയും, അപ്പീൽ ഹർജിക്കാരനും ഹാജരാകുകയും ചെയ്തു.

4. അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് ശ്രീമതി ശ്യാമ എന്ന വ്യക്തിയുടെ ചികിത്സയുമായി ബന്ധപ്പെട്ട വിവരങ്ങളാണെന്നും ടി വ്യക്തിയുടെ സമ്മതപത്രമോ രക്തബന്ധുവെന്ന് തെളിയിക്കുന്ന രേഖകളോ സമർപ്പിച്ചിരുന്നില്ലെന്നും വിവരാവകാശ നിയമം 8(1)ജെ പ്രകാരം മൂന്നാംകക്ഷി വിവരങ്ങൾ ടി രേഖകൾ സമർപ്പിക്കാതെ നൽകുവാൻ നിർവ്വാഹമില്ലെന്നും ഒരു വ്യക്തിയുടെ ചികിത്സാ വിവരങ്ങൾ തികച്ചും വ്യക്തിപരമായതിനാൽ മറ്റൊരു വ്യക്തിക്ക് നൽകാൻ സാധ്യമല്ലെന്നും ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

5. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് ഒരു മൂന്നാംകക്ഷി വിവരമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. വിവരാവകാശ നിയമം 8(1)(ജെ) പ്രകാരം വിവരം, വ്യക്തിഗത വിവരവുമായി ബന്ധപ്പെട്ടിരിക്കുന്നിടത്തും

അതിന്റെ വെളിപ്പെടുത്തൽ പൊതുതാൽപര്യവുമായോ അല്ലെങ്കിൽ പൊതു പ്രവർത്തനവുമായോ യാതൊരു ബന്ധമില്ലാത്തിടത്തും അല്ലെങ്കിൽ വ്യക്തിയുടെ സ്വകാര്യതയെ അനാവശ്യമായി ബാധിക്കുമെന്നുള്ളപ്പോഴും പ്രസ്തുത വിവരം ലഭ്യമാക്കേണ്ടതില്ല. ഇവിടെ ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നത് മൂന്നാംകക്ഷി വിവരം ആയതിനാലും, ഈ വിവരത്തിന്റെ വെളിപ്പെടുത്തൽ ഭൂരിപക്ഷപൊതുജന താല്പര്യം ന്യായീകരിക്കുന്നുവെന്ന് ബോദ്ധ്യപ്പെടാത്തതിനാലും ആയത് വെളിപ്പെടുത്താൻ കഴിയില്ലെന്ന എസ്.പി.ഐ.ഒ യുടെ മൊഴി അംഗീകരിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 5–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**
Jn